# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ- ജയിൽ ആസ്ഥാനകാര്യാലയം- 'അയാപ്സ്' അടുത്ത ഘട്ടം നടപ്പിലാക്കുന്നതിനുള്ള 39.34 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിക്കുന്നതിന് സാങ്കേതിക സമിതി രൂപീകരിച്ച് ഉത്തരവാകുന്നു.

പരാമർശം : 1) 06-04-2016 ലെ ഇതേ നമ്പർ പ്രകാരം സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ.
2) ജി.ഒ (ആർ.റ്റി) നം.354/2017/ ആഭ്യന്തരം; തിയതി:16-02-2017.
3) 06-04-2017 ലെ ഇതേ നമ്പർ കത്ത്.
4) 2.11.2017-ലെ ബി2/4/2017 ആഭ്യന്തരം എന്ന കത്ത്.

**<u>ഉത്തരവ് നമ്പർ. P4-13134/2015/PrHQ; തീയതി : 09-11-2017</u>**

ജയിൽ വകുപ്പിൽ നടപ്പിലാക്കുന്ന ഇ-ഫയൽ മാനേജ്മെൻറ് സംവിധാനം- 'അയാപ്സ്' അടുത്തഘട്ടം നടപ്പിലാക്കുന്നതിനുള്ള 39.34 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും പരാമർശം (2) പ്രകാരം ആയതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി സാമ്പത്തിക വർഷം അതിന് ഫണ്ട് ലഭിക്കാതിരുന്നതിനാൽ നടപ്പ് സാമ്പത്തിക വർഷം അധിക തുകയ്ക്കായി സൂചന (3) പ്രകാരം സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. അതിനു മറുപടിയായായി പ്രസ്തുത പ്രൊപ്പോസൽ വകുപ്പ്തല സാങ്കേതിക സമിതി പരിശോധിച്ച് മൂല്യനിർണ്ണയം നടത്തി പുതിയ പ്രൊപ്പോസൽ നൽകുവാൻ പരാമർശം (4) പ്രകാരം സർക്കാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ 39.34 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിശോധിക്കുന്നതിന് താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| 1 | ശ്രീമതി.സി.എസ്.ശ്രീജ, സീനിയർ ഫിനാൻസ് ഓഫീസർ, ജയിൽ ആസ്ഥാനകാര്യാലയം | കമ്മിറ്റി കൺവീനർ |
| 2 | ശ്രീ.രാഹുൽ.പി.കെ, സീനിയർ പ്രോഗ്രാം കൺസൾട്ടൻറ്, ഐ.ടി മിഷൻ (SeMT) | മെമ്പർ |
| 3 | ശ്രീമതി.ജോയി സെബാസ്റ്റീനാ പുഷ്പം, പ്രോഗ്രാം ഓഫീസർ, | മെമ്പർ |
| 4 | ശ്രീ.ടി.ആർ.രാജീവ്, സീനിയർ ലക്ച്ചറർ, സിക്ക, തിരുവനന്തപുരം | മെമ്പർ |
| 5 | ശ്രീ.വി.എസ്.സുമന്ത്, വെൽഫയർ ഓഫീസർ ഗ്രേഡ്-I, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം | മെമ്പർ |
| 6 | ശ്രീ.ജോയ്.പി.ബി, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ (മാസ്റ്റർ ട്രയിനർ , അയാപ്സ്) | മെമ്പർ |

| | | |
|---|---|---|
| 7 | ശ്രീ.മനു മധുസൂദനൻ, അസി. പ്രിസൺ ഓഫീസർ, (മാസ്റ്റർ ട്രയിനർ , അയാപ്സ്) | മെമ്പർ |

പ്രസ്തുത കമ്മിറ്റി എത്രയും വേഗം യോഗം ചേർന്ന് പ്രൊപ്പോസൽ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ് : ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

പകർപ്പ് : 1) ഡയറക്ടർ
കേരള സംസ്ഥാന ഐ.ടി മിഷൻ
വെള്ളയമ്പലം
തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) സൂപ്രണ്ട്
സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം
തിരുവനന്തപുരം
3) സൂപ്രണ്ട് (പി)/കരുതൽ ഫയൽ